LIBRARY ARCHIVES Kerala Legislative Assembly

കൊറിയർ ലൈസൻസിയുടെ ഉത്തരവാദിത്വം

1. പാഴ്സൽ ശേഖരിക്കുന്നതും വിതരണം ചെയ്യുന്നതും
2. കളക്ഷനും ബില്ലിംഗും
3. ബില്ലിംഗ്, കളക്ഷൻ, വിതരണം, കയറ്റിറക്ക് ഇവയ്ക്കുവേണ്ട മനുഷ്യ വിഭവശേഷി
4. സ്ഥിരമായ പ്രവർത്തനം മൂലധനത്തിനുള്ള ക്രമീകരണം
5. ഉപഭോക്താവിന്റെ സംതൃപ്തി
6. ഫ്രാഞ്ചൈസ്, കോ-ലോഡിംഗ് ബിസിനസ്സ് കൈകാര്യം ചെയ്യൽ
7. എല്ലാവിധ നഷ്ടപരിഹാരങ്ങളും വ്യവഹാരങ്ങളും.

മോട്ടോർ വാഹനവകുപ്പിലെ ഹെൽപ്പ് ലൈൻ സംവിധാനം

29 (*329) ശ്രീ.ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യാത്രയ്ക്കിടയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയാൻ മോട്ടോർ വാഹന വകുപ്പ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഹെൽപ്പ് ലൈനിന്റെ പ്രവർത്തന രീതി വിശദമാക്കാമോ ;

(സി) ഹെൽപ്പ് ലൈൻവഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ സ്വീകരിച്ചിട്ടുള്ള സംവിധാനം എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 2014 ഫെബ്രുവരി 14-ാം തീയതി മുതൽ ഹെൽപ്പ് ലൈൻ സംവിധാനം എല്ലാ സബ് ആർ.ടി. ഓഫീസുകളിലും ആർ.ടി. ഓഫീസുകളിലും ആരംഭിച്ചിട്ടുണ്ട്. പ്രൈവറ്റ് ബസ്സുകളിലും കെ.എസ്.ആർ.ടി.സി. ബസ്സുകളിലും വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും വയോജനങ്ങൾക്കും യാത്രാസൗജന്യവുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ വിവിധ ഓഫീസുകളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ഹെൽപ്പ് ലൈൻ സംവിധാനം ഒരുക്കിയിരിക്കുന്നത്. പ്രസ്തുത സംവിധാനത്തിന്റെ പത്രക്കുറിച്ച് 17-2-2014-ൽ കേരളത്തിലെ എല്ലാ മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ 4-11-2014-ലെ സ.ഉ.(പി)78/14/ഗതാ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 273-ൽ വരുത്തിയ ഭേദഗതി പ്രകാരം സ്റ്റേജ് കാര്യേജുകളിൽ ചൈൽഡ് ലൈൻ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നിനുള്ള ഹെൽപ്പ് ലൈൻ, പോലീസ്, ആർ.ടി.ഒ. എന്നിവരുടെ ഫോൺ നമ്പരുകൾ, സ്വകാര്യ ബസ്സുകളുടെ ഉടമയുടെ മൊബൈൽ നമ്പർ എന്നിവ സ്റ്റേജ് കാര്യേജിന്റെ മുമ്പിലും പുറകിലും രജിസ്ട്രേഷൻ നമ്പരിനടുത്തായി വെളുത്ത അക്ഷരത്തിൽ എഴുതി പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) വകുപ്പിലെ ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിന്റെയും പരിധിയിലുണ്ടാകുന്ന പരാതികൾക്ക് ഉടനടി പരിഹാരമുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനരീതിയാണ് ഈ സംവിധാനത്തിലുള്ളത്. ഈ സംവിധാനത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കുവാൻ വേണ്ടി ഓരോ ജില്ലയിലും സർവ്വീസ് നടത്തുന്ന ബസ്സുകളിൽ യാത്രക്കാർക്ക് വായിക്കാൻ പറ്റുന്ന വിധത്തിൽ ഹെൽപ്പ് ലൈൻ നമ്പർ എഴുതി പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബസ് സ്റ്റാന്റ് തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളിലും ഹെൽപ്പ് ലൈൻ നമ്പരുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ആയതിനാൽ വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന യാത്രക്കാർക്ക് പ്രത്യേകിച്ച്, സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും വയോജനങ്ങൾക്കും നേരിട്ട് പരാതികൾ അറിയിക്കാവുന്നതും പരിഹാരം കാണാവുന്നതുമാണ്.

(സി) ഹെൽപ്പ് ലൈൻവഴി നൽകുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധമായി പരാതികൾ ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ പരാതി സെല്ലിൽ സ്വീകരിച്ച് ഉടൻ നടപടിക്ക് ശിപാർശ ചെയ്യുന്നുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വിവിധ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഹെൽപ്പ് ലൈൻ സംവിധാനം മോണിറ്റർ ചെയ്യുവാൻ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ പരാതി പരിഹാരസെല്ലിലൂടെ ഈ സംവിധാനം നിരീക്ഷിക്കുകയും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ യഥാസമയം നൽകുകയും ചെയ്യുന്നുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ്

30 (*330) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം തയ്യാറെടുപ്പുകൾ ഭരണതലത്തിൽ നടത്തിയിട്ടുണ്ട് ?

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയും എൽ.ഐ.സി.യുമായി സഹകരിച്ച് ആം ആദ്മി ബീമ യോജന എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനാണ് ഇൻഷ്വറൻസ് പദ്ധതികൾകൊണ്ട് ലക്ഷ്യമിടുന്നത്.

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സംസ്ഥാന സർക്കാർ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് പദ്ധതി തുക കണ്ടെത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly